# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6091** **20.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗക്കാർക്കിടയിലെ കൃഷി അനുബന്ധപ്രവർത്തനങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവിഭാഗക്കാർക്കിടയിൽ കൃഷി അനുബന്ധ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന് വകുപ്പ് എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനായി നടപ്പുവർഷം പ്ലാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; | (എ) | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരും കൃഷി ചെയ്യുന്നതിൽ കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ഉള്ളവരുമായ 100 ഗുണഭോക്താക്കൾക്ക് ഓർഗാനിക്ക് ഫാമിംഗിൽ സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം നടത്തി ഇവർക്ക് കൃഷിക്കായി 50% സബ്സിഡിയോടു കൂടി 50,000/- രൂപ എസ്.സി/എസ്.റ്റി കോർപ്പറേഷനുമായി ബന്ധപ്പെട്ട് നൽകുന്ന തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. നടപ്പുവർഷം ടി പദ്ധതിയ്ക്കായി PROWI Agri. Systems Pvt. Ltd എന്ന സ്ഥാപനത്തിന് 68.804 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.<br>i. ദുർബല വിഭാഗത്തിൽ കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്. 55 വയസ്സിൽ താഴെ പ്രായമുള്ളവരും കാർഷിക വൃത്തിയിൽ മുൻപരിചയം ഉള്ളവർക്കും മുൻഗണന കൊടുക്കുന്നതാണ്.<br>ii. SCA to SCP പദ്ധതി പ്രകാരം ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ട് വിനിയോഗിച്ച് കൃഷി അനുബന്ധ വരുമാനദായക പദ്ധതികൾക്ക് ആനുകൂല്യം നൽകി വരുന്നു.<br>പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി 15 കോടി രൂപ അനുവദിച്ച് നടപ്പിലാക്കി വരുന്നു. ഇതിലേക്കായി കണ്ണൂർ ജില്ലയിലെ ആറളം ഫാം, വയനാട് ജില്ലയിലെ സുഗന്ധഗിരി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>പട്ടികവർഗ്ഗ വികസന വകുപ്പും കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ആറളം, അട്ടപ്പാടി, ചീങ്ങേരി ഫാമുകൾ നവീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ "വരുമാനദായക കാർഷിക ഉദ്യമം" എന്ന പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ 600 കുടുംബങ്ങൾക്കായി 1.56 കോടി രൂപ ചിലവഴിച്ച് 19 ഊരുകളിലായി 830 |

| | | | |
|---|---|---|---|
| | | | ഏക്കർ ഹോംസ്റ്റഡ് അഗ്രികൾച്ചറൽ പദ്ധതിയായ ന്യൂട്രീഷൻ സഫിഷൻസി ഇൻ ഫുഡ് ത്രൂ ഇൻട്രൊഡക്ഷൻ ഓഫ് അഗ്രോ ഇക്കോളജി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>**<u>മില്ലറ്റ് വില്ലേജ്</u> -:**അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. പരമ്പരാഗത വിളകളായ റാഗി, ചോളം. തിന, ചാമ എന്നിവയും മുതിര, തുവര, അമര മുതലായവ പയർ വർഗ്ഗങ്ങളും, പച്ചക്കറികളും കൃഷിചെയ്യുന്നു. 2017-18 സാമ്പത്തികവർഷത്തിൽ 45 ഊരുകളിൽ 1287.5 ഏക്കർ സ്ഥലത്തും 2018-19 ൽ 55 ഊരുകളിലായി 1732.5 ഏക്കർ സ്ഥലത്തും 2019 -20 സാമ്പത്തിക വർഷത്തിൽ 70 ഊരുകളിലായി ഒന്നാം വിളയായി 1900 ഏക്കർ സ്ഥലത്ത് കൃഷി ചെയ്ത് വിളവെടുക്കുകയും രണ്ടാം വിളയായി 1200 ഏക്കർ സ്ഥലത്തുകൂടി കൃഷി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കുക വഴി ഈ വിഭാഗക്കാർക്കിടയിൽ സുസ്ഥിരമായ പുതിയ വരുമാനമാർഗ്ഗങ്ങൾ സൃഷ്ടിക്കാമെന്നുള്ളതിനാൽ ഈ രീതിയിലുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ബി) | പാലക്കാട് ജില്ലയിലെ വൻതോതിലുള്ള നെല്ലുൽപ്പാദനം പ്രയോജനപ്പെടുത്തി അനുബന്ധ പ്രവർത്തിയെന്ന നിലയിൽ ഒരു മോഡേൺ റൈസ് മിൽ സ്ഥാപിച്ച് ഇതുവഴി പട്ടികവിഭാഗത്തിൽപ്പെട്ട 59 പേർക്ക് നേരിട്ടും 41 പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന പദ്ധതിയ്ക്ക് KELPALM ശുപാർശ സമർപ്പിച്ചിരുന്നതും ആയതിന് GO (Rt) No.1284/18/1284/18/പജപവവിവ, തീയതി : 28.12.2018 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. പാലക്കാട്, തത്രൂർ കല്ലേപ്പുള്ളിയിൽ റൈസ് മിൽ സ്ഥാപിക്കാനുള്ള പ്രസ്തുത പദ്ധതി നിർവ്വഹണ ഘട്ടത്തിലാണ്.<br>പട്ടികവർഗ്ഗക്കാരുടെ മുഴുവൻ കൈവശഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിച്ച് ജീവനോപാധിപ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചാണ് 2019-20 "വരുമാന ദായക കാർഷിക ഉദ്യമം" എണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. കൂടാതെ ആദിവാസികൾക്ക് വനാവകാശ നിയമ പ്രകാരം ലഭിക്കുന്ന ഭൂമിയിലും ഈ പദ്ധതി നടപ്പിലാക്കാൻ പദ്ധതി ലക്ഷ്യം വെക്കുന്നു. |

സെക്ഷൻ ഓഫീസർ